**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 448. 11.06.2013 ൽ മറുപടിയ്ക്ക്.

ബസുകളിൽ ചവിട്ടുപടികളുടെ ഉയരക്കൂടുതൽ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) ബസ്സുകളിൽ ചവിട്ടുപടികളുടെ ഉയരക്കൂടുതൽ കാരണം മുതിർന്ന പൗരൻമാരും സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ബസ്സുകളിൽ ചവിട്ടുപടികളുടെ ഉയരം സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡം വിശദമാക്കാമോ ; | (ബി) | 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 282(1) പ്രകാരം വാഹനത്തിന്റെ ഏറ്റവും താഴത്തെ ചവിട്ടുപടിക്ക് തറയിൽ നിന്നും 40 സെ.മീറ്ററിൽ കൂടുതലോ 25 സെ.മീറ്ററിൽ കുറവോ ഉയരം ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല. |
| (സി) ചില ബസ്സുകളിൽ മാത്രം പ്രസ്തുത മാനദണ്ഡം പാലിക്കാത്തതിന് കാരണം വിശദമാക്കാമോ ; | (സി) | മേൽ മാനദണ്ഡം പാലിക്കുന്നുണ്ടോ എന്ന് വാഹനം ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന് ഹാജരാക്കുന്ന സമയത്തും, വാഹന പരിശോധനാ സമയത്തും ഉറപ്പു വരുത്താറുണ്ട്. എന്നാൽ വാഹനം കൂടുതൽ യാത്രക്കാരുമായി മോശമായ റോഡുകളിലൂടെ നിരന്തരം സർവ്വീസ് നടത്തുമ്പോൾ വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള റോഡ് സ്പ്രിംഗുകൾക്ക് ബലക്ഷയം സംഭവിക്കുകയും അവ താഴ്ന്ന് ഫുട്ബോർഡ് തറയിൽ ഇടിക്കുന്ന അവസരത്തിൽ ഈ റോഡ് സ്പ്രിംഗുകൾക്ക് റീ-കേംബറിംഗ് നടത്തുകയും തദവസരത്തിൽ വാഹനങ്ങളുടെ ബോഡി |

| | | |
|---|---|---|
| | | മൊത്തത്തിൽ ഉയരുകയും അങ്ങനെ ചവിട്ടുപടിയുടെ ഉയരം തറയിൽ നിന്നും 40 സെ.മീറ്ററിൽ കൂടുന്നതിനും സാധ്യതയുണ്ട്. ചില ബസ്സുകളിൽ പ്രസ്തുത മാനദ്ണ്ഡം പാലിക്കുവാൻ കഴിയാത്തതിന്റെ കാരണമിതാണ്. |
| (ഡി) ബസ്സുകളിൽ ചവിട്ടുപടികളുടെ ഉയരക്കൂടുതൽ ക്രമീകരിച്ച് യാത്രാദുരിതം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ബസ്സുകളിലെ ചവിട്ടുപടികളുടെ ഉയരം ക്രമീകരിക്കുന്നതിന് കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ വ്യക്തമായ മാനദ്ണ്ഡം നിലവിലുണ്ട്. മേൽ മാനദണ്ഡം പാലിക്കുന്നുണ്ടോ എന്ന് വാഹനം ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന് ഹാജരാക്കുന്ന സമയത്തും വാഹന പരിശോധന സമയത്തും മോട്ടോർ വാഹന വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.